പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : *343 — 24. 06. 2014 ൽ മറുപടിക്ക്

ഉപയോഗശൂന്യമായ സി. എഫ്. എൽ, ഇലക്ട്രിക് ട്യൂബ് എന്നിവയുടെ സംസ്ക്കരണം

ചോദ്യം — ഉത്തരം

ശ്രീ. പി. ഉബൈദുള്ള
,, എം. ഉമ്മർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, എൻ.എ. നെല്ലിക്കുന്ന്

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉപയോഗ ശൂന്യമായ സി.എഫ്. എൽ, ഇലക്ട്രിക് ട്യൂബ് എന്നിവ ദോഷരഹിതമായി സംസ്കരിക്കുന്നതിന് എന്തു സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) | ഉപയോഗശൂന്യമായ സി.എഫ്.എൽ, ഫ്ലൂറസെന്റ് ട്യൂബ് എന്നിവ ദോഷരഹിതമായി സംസ്കരിക്കുന്നതിനുള്ള ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള വിശദപഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഐ.ആർ.ജി. സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം സി.എഫ്.എൽ, ഫ്ലൂറസെന്റ് ട്യൂബ് എന്നിവ ഭൂമിക്കോ, മനുഷ്യനോ മറ്റ് ജീവജാലകങ്ങൾക്കോ ദോഷം വരാത്ത രീതിയിൽ ശേഖരിച്ച് സുരക്ഷിതമായി സംസ്കരിച്ച് അതിൽ നിന്നുള്ള എല്ലാ പദാർത്ഥങ്ങളും വേർതിരിച്ച് പുനരുപയോഗിക്കുന്ന രീതിയിലായിരിക്കും പദ്ധതി. |
| (ബി) | ഇവയുടെ ശേഖരണത്തിന് ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനം തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (ബി) | വിശദപഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ സി.എഫ്.എൽ കളുടെ ശേഖരണം, സംസ്കരണം തുടങ്ങിയ പ്ലാന്റിന്റെ പ്രവർത്തന സംവിധാനം തീരുമാനമാവുകയുള്ളൂ. |
| (സി) | പ്രതിവർഷം എത്ര അളവിൽ ഇത്തരം ഉപയോഗശൂന്യ വസ്തുക്കൾ ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ? | (സി) | വിശദപഠന റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞാൽ മാത്രമേ എത്ര അളവിൽ ഇത്തരം ഉപയോഗശൂന്യ വസ്തുക്കൾ ഉണ്ടാവുമെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ